"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- റവന്യൂ റിക്കവറി- വയനാട് ജില്ലയിൽ വിവിധ ആർ.ആർ.സി.കളിലായി കക്ഷികളിൽ നിന്ന് വസൂലാക്കിയ കുടിശ്ശികതുക തെറ്റായി റവന്യൂ അക്കൗണ്ടിലേയ്ക്ക് അടവാക്കിയത്, റീഫണ്ട് ചെയ്ത് ശരിയായ ശീർഷകങ്ങളിലേയ്ക്ക് ഒടുക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.856/2026/RD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 14.08.2025ലെ LR/8389/2025-FB(A9) നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിൽ വിവിധ ആർ.ആർ.സി.കൾ വഴി കക്ഷികളിൽ നിന്നും പല ഇനങ്ങളിലായി കുടിശ്ശികകളിൽ വസൂലാക്കിയ 11,392/- രൂപ അമ്പലവയൽ റവന്യൂ റിക്കവറി ഓഫീസിൽ നിന്നും സുൽത്താൻ ബത്തേരി സബ് ട്രഷറി മുഖേന തെറ്റായി റവന്യൂ അക്കൗണ്ടിലേക്ക് (0029-00-800-92-00 Other-TR-Tree-Party-Land-Lease) അടവ് വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ടി തുക ബന്ധപ്പെട്ട റിക്വിസിഷൻ അതോറിറ്റികളുടെ അക്കൗണ്ടുകളിലേക്ക് അടവാക്കുന്നതിനായി അമ്പലവയൽ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാരുടെ പേരിൽ സുൽത്താൻ ബത്തേരി സബ് ട്രഷറിയിലുള്ള 718031400000204 നമ്പർ ടി.എസ്.ബി. അക്കൗണ്ടിലേക്ക് അടവാക്കാനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. '0029-00-800-92-00 Others-TR-Tree-Prty-Land-Lease' എന്ന ശീർഷകത്തിൽ തെറ്റായി ഒടുക്കിയ ₹11,392/-, പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് ചെയ്ത് ശരിയായ ശീർഷകങ്ങളിലേയ്ക്ക് ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ടു മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനും, അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ യെ പ്രസ്തുത റീ-ഫണ്ടു നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ്(24.03.2026ലെ 3437514/EXP-D1/110/2026-FIN നമ്പർ റിമാർക്ക്സ് പ്രകാരം)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 30-04-2026 10:22:06

സെക്ഷൻ ഓഫീസർ

പകർപ്പ്:- റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.
റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.